പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5100 — 06.02.2014 ൽ മറുപടിക്ക്

# എയർ ഇന്ത്യാ എക്സ്പ്രസ്സ് വിമാന സർവ്വീസുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. എ. ബേബി:<br>" എളമരം കരീം:<br>" കെ. വി. അബ്ദുൾ ഖാദർ:<br>ഡോ. കെ. ടി. ജലീൽ: | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി) |
| (എ) കേരളം ആസ്ഥാനമായി എയർ ഇന്ത്യാ എക്സ്പ്രസ്സ് വിമാന സർവ്വീസുകൾ ആരംഭിച്ചതിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് അറിയിക്കാമോ; | (എ) പ്രവാസികളായ ഇന്ത്യക്കാർക്ക്, പ്രത്യേകിച്ച് ഗൾഫ് രാജ്യങ്ങളിൽ ജോലി ചെയ്യുന്ന പ്രവാസികൾക്ക് കുറഞ്ഞ നിരക്കിലുള്ള മെച്ചപ്പെട്ട വിമാനയാത്രാ സൗകര്യം ലഭ്യമാക്കുക എന്നതാണ് എയർ ഇന്ത്യയുടെ ഉദ്ദേശ്യ ലക്ഷ്യം. |
| (ബി) എയർ ഇന്ത്യാ എക്സ്പ്രസ് ഇപ്പോൾ നടത്തുന്ന സർവീസുകളുടെ വിശദാംശങ്ങൾ അറിയാമോ; | (ബി) നിലവിൽ തിരുവനന്തപുരത്തു നിന്നും അബുദാബി, ദുബായ്, ഷാർജ, മസ്ക്കറ്റ്, മുംബൈ, കോഴിക്കോട്, കൊച്ചി, ചെന്നൈ എന്നിവിടങ്ങളിലേയ്ക്കും കോഴിക്കോട് നിന്നും അബുദാബി, ദുബായ്, ഷാർജ, മസ്ക്കറ്റ്, അൽ ഐൻ, ബഹ്റൈൻ, ദോഹ, ദമാം, കുവൈറ്റ്, സലാല, തിരുവനന്തപുരം, കൊച്ചി, മുംബൈ, മംഗലാപുരം എന്നിവിടങ്ങളിലേയ്ക്കും കൊച്ചിയിൽ നിന്നും അബുദാബി, ബെഹ്റൈൻ, ദമാം, ദോഹ, ദുബായ്, കുവൈറ്റ്, മസ്ക്കറ്റ്, ഷാർജ, സലാല, മുംബൈ, തിരുവനന്തപുരം, കോഴിക്കോട്, മംഗലാപുരം എന്നിവിടങ്ങളിലേയ്ക്കും എയർ ഇന്ത്യാ എക്സ്പ്രസ് വിമാന സർവ്വീസ് നടത്തുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത വിമാനങ്ങളുടെ പാട്ട ക്കാലാവധി ദീർഘിപ്പിക്കാത്ത കാരണത്താൽ 2014 ജനുവരി മുതൽ പല സർവ്വീസുകളും നിർത്തലാക്കുകയാണെന്ന വസ്തുത ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) | എങ്കിൽ സാധാരണക്കാരായ ഗൾഫ് മലയാളികളുടെ ആശ്രയ മായ പ്രസ്തുത വിമാന സർവ്വീ സുകൾ തടസ്സമില്ലാതെ നില നിർത്തുവാൻ സ്വീകരിച്ച നടപടി വിശദമാക്കാമോ? | (ഡി) | സാധാരണ സർവ്വീസുകളെ ഇത് ബാധി ച്ചിട്ടില്ലെന്ന് എയർ ഇന്ത്യ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ